പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 49 **12-10-2026-ൽ മറുപടിയ്ക്ക്**

<u>നോർക്കയിലെ നിയമനങ്ങൾ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) നോർക്കയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പത്ത് വർഷത്തിലധികമായി തുടർച്ചയായി ജോലി ചെയ്യുന്നവർ ഉണ്ടോ; അവരുടെ പേര്, മാതൃ വകുപ്പ്, ഡെപ്യൂട്ടേഷൻ തുടങ്ങിയ തീയതി, ഇപ്പോൾ വഹിക്കുന്ന തസ്തിക എന്നിവയുടെ വിശദാംശം നൽകുമോ; മൂന്ന് വർഷമാണ് ഡെപ്യൂട്ടേഷൻ കാലാവധി എന്നിരിക്കെ പത്ത് വർഷം തുടരുന്നത് ചട്ടവിരുദ്ധമാണോ എന്ന് പരിശോധിക്കുമോ;

<u>മറുപടി:</u> നോർക്കയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ തുടർച്ചയായി <u>പത്തു</u> വർഷത്തിലധികമായി ജോലി ചെയ്യുന്നവർ ഇല്ല.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 179 ദിവസത്തേക്ക് നിയമിക്കപ്പെട്ടവർ കാലാവധി കഴിഞ്ഞിട്ടും വർഷങ്ങളായി നോർക്കയിൽ തുടരുന്നുണ്ടോ; അത്തരത്തിൽ എത്ര പേർ ഉണ്ട് എന്ന് വ്യക്തമാക്കുമോ; അവരുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

<u>മറുപടി:</u> ഉണ്ട്. 2 പേർ.

അറ്റൻഡർ-1
അസിസ്റ്റന്റ്-1

(സി) നോർക്കയിൽ ട്രെയിനി ആയി ചേർന്നവരെ ട്രെയിനിംഗ് കഴിഞ്ഞിട്ടും ജീവനക്കാരായി തുടരാൻ അനുവദിച്ചിട്ടുണ്ടോ; എത്ര പേർ ഇങ്ങനെ തുടരുന്നു എന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> 4 പേർ തുടരുന്നുണ്ട്.

(ഡി) ജില്ലാ നോർക്ക സെല്ലുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കപ്പെട്ടവർ അനുവദനീയമായ കാലാവധിക്ക് ശേഷവും തുടരുന്നുണ്ടോ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

<u>മറുപടി:</u> ഉണ്ട്.ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

Sl.No	District	Nos

1	Pathanamthitta	1
2	Alappuzha	1
3	Kottayam	1
4	Idukki	1
5	Thrissur	1
6	Palakkad	1
7	Malappuram	1
8	Malappuram	1
9	Kannur	1
10	Kasargod	1

(ഇ) മേൽപ്പറഞ്ഞ തരത്തിൽ ചട്ടവിരുദ്ധമായി തുടരുന്നവർക്ക് ശമ്പളം നൽകുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ ഗവേണിംഗ് ബോഡിയുടെയോ സർക്കാരിന്റെയോ അനുമതി ഇല്ലാതെയാണോ ഇവരെ തുടരാൻ അനുവദിക്കുന്നത് എന്ന് വിശദമാക്കുമോ?

<u>മറുപടി:</u> നോർക്ക ബോർഡിന്റെ മാത്രം അനുമതിയോടെയാണ് നിലവിൽ ടി ജീവനക്കാർ തുടരുന്നത്.

സെക്ഷൻ ഓഫീസർ